# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686 560

ഫോൺ: 0481  2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 21

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റിവച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഇന്ന് (ഒക്ടോബർ 22) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1851/2019)

## പരീക്ഷ തീയതി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം., റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 30 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 22 വരെയും 500 രൂപ പിഴയോടെ 23 വരെയും 1000 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1852/2019)

## ഓഫ് കാമ്പസ് പരീക്ഷകൾ നവംബർ 13 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 13 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1853/2019)

## പ്രാക്ടിക്കൽ

മൂന്നും അഞ്ചും സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്. - 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്) സെപ്തംബർ/ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 30, 31 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1854/2019)

## വൈവാവോസി

നാലാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ വൈവാവോസി ഒക്ടോബർ 30ന് കാലടി ശ്രീ ശങ്കര കോളേജിൽ നടക്കും.

(പി.ആർ.ഒ/39/1855/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്സി. മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1856/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം.കോം. പ്രൈവറ്റ് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ നാലുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1857/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ